# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2338
# 05/11/2019 ലെ മറുപടിക്ക്

## ആസ്തി വികസന ഫണ്ടിലെ ടെണ്ടർ ബാലൻസ്

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ആസ്തി വികസന ഫണ്ടിലെ ടെണ്ടർ ബാലൻസ് ഉപയോഗിച്ച് പുതിയ പ്രവൃത്തികൾ എടുക്കുന്നത് സംബന്ധിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകുമോ; | 04/08/2018 ലെ സ.ഉ(പി)നം.119/2018/ധന പ്രകാരം ടെണ്ടർ സേവിംഗ്സ്/എക്സ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതൽ പ്രാബല്യം നൽകി ഉത്തരവ് ആയിട്ടുണ്ട്. (www.finance.kerala.gov.in) |
| (ബി) | ഒരു സാമ്പത്തികവർഷത്തെ ആസ്തി വികസന ഫണ്ടിൽ നിർദ്ദേശിക്കപ്പെട്ട മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷത്തെ ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കാൻ കഴിയൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വ്യവസ്ഥ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | ഒരു സാമ്പത്തിക വർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടേയും ടെണ്ടർ എക്സ്സ്/ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് പരിഗണിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥ ഒഴിവാക്കാൻ നിർവ്വാഹമില്ല. |
| (സി) | ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച കണക്കുകൾ തിട്ടപ്പെടുത്തി നൽകുന്നതിന് ആർക്കാണ് ചുമതല നൽകിയിട്ടുള്ളത്; അപ്രകാരം ചുമതല ആർക്കും നൽകിയിട്ടില്ലെങ്കിൽ ആയതിന് ചുമതല നൽകി ഉത്തരവ് പുറപ്പെടുവിക്കുമോ? | ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച കണക്കുകൾ അതാത് നിർവ്വഹണ വകുപ്പുകളാണ് തിട്ടപ്പെടുത്തേണ്ടത്. |

സെക്ഷൻ ഓഫീസർ